Santhigiri

# ഉമ്മിണിതങ്കം

ഗുരുവാണി

"ജന്മാന്തരങ്ങളിലെ ഓരോ കെട്ടും അഴിച്ചെടുക്കുന്നതാണ് ആശ്രമജീവിതം."

VOL 03 | ISSUE 01 | 2017 ജനുവരി 1 | 1192 ധനു 17

Newspaper published from Santhigiri Ashram | For Private Circulation Only | www.santhigiriashram.org

തിരുവനന്തപുരം റൂറൽ

## ഒമാൻ ജയിലിലെ മലയാളി യുവാവിനെ രക്ഷിക്കാൻ ആശ്രമം ഇടപെടുന്നു

**സ്പിരിച്വൽ സോൺ:** ഇരുപതു വർഷത്തിലേറെയായി ഒമാൻ ജയിലിൽ കഴിയുന്ന മലയാളി യുവാവിനെ മോചിപ്പിക്കാൻ ശാന്തിഗിരി ആശ്രമം ഇടപെടുന്നു. ശിക്ഷാകാലാവധി കഴിഞ്ഞിട്ടും ജയിൽ വാസം അനുഭവിക്കുന്ന അമ്പലപ്പുഴ വടക്ക് വടക്കേവെള്ളൂർ വീട്ടിൽ സന്തോഷിനു (47) വേണ്ടിയാണ് ശാന്തിഗിരി ആശ്രമം ഇടപെടുന്നത്. ഓർഗനൈസിംഗ് സെക്രട്ടറി സ്വാമി ഗുരുരത്നം ജ്ഞാനതപസ്വിയുടെ നേതൃത്വത്തിൽ ഇതിനുള്ള ശ്രമങ്ങൾ ആരംഭിച്ചു. സ്വാമി പ്രണവശുദ്ധൻ ജ്ഞാനതപസ്വി കേന്ദ്ര ആഭ്യന്തരമന്ത്രി രാജ്നാഥ് സിംഗിനെ കണ്ട് നിവേദനം നല്കി. വിദേശകാര്യമന്ത്രി സുഷമസ്വരാജിനെയും നേരിൽ കണ്ട് കുടുംബാംഗങ്ങളുടെ പരാതി കൈമാറുന്നതാണ്. ദേശീയ മനുഷ്യാവകാശ കമ്മീഷനും നിവേദനം നല്കും. സംസ്ഥാന സർക്കാരിന്റെയും മന്ത്രി ജി. സുധാകരൻ, കെ.സി. വേണുഗോപാൽ എം.പി എന്നിവരുടെയും സഹായം ഉണ്ടാകും. അസിസ്റ്റന്റ് ജനറൽ മാനേജർ ഡോ. എസ്. കിരൺ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് പ്രജിത്ത് കാരിക്കൽ, അംഗങ്ങളായ യു.എം. കബീർ, കെ.എം. ജുനൈദ് എന്നിവരും സന്തോഷിനെ ജയിലിൽ പോയി കണ്ട പുന്നപ്ര തെക്ക് തയ്യിൽ വീട്ടിൽ ഹബീബ് റഹ്മാനും സന്തോഷിന്റെ വീട്ടിലെത്തിയിരുന്നു. 1996 ലാണ് സന്തോഷും വർക്കല സ്വദേശി ഷാജിയും ജയിലിലാകുന്നത്. ഷാജി ഇതിനോടകം ജയിൽമോചിതനായി.



*കേന്ദ്ര ആഭ്യന്തരമന്ത്രി രാജ്നാഥ് സിംഗിന് സ്വാമി പ്രണവശുദ്ധൻ ജ്ഞാനതപസ്വിയുടെ നേതൃത്വത്തിൽ ഗുരുവായൂരിൽ വച്ച് നിവേദനം നല്കുന്നു*

## 'കർമ്മം ചെയ്യുന്നത് ഗുരുസ്മരണയോടെയാവണം'

**സ്പിരിച്വൽ സോൺ:**ശാന്തിഗിരി ശാന്തിമഹിമയുടെ തിരുവനന്തപുരം റൂറൽ ഏരിയ ക്യാമ്പ് ഡിസംബർ 25, 26 തീയതികളിലായി നടന്നു. ആശ്രമം ജനറൽ സെക്രട്ടറി സർവാദരണീയ സ്വാമി ചൈതന്യ ജ്ഞാനതപസ്വി ഉദ്ഘാടനം ചെയ്തു. ഏതു കാര്യം ചെയ്യുമ്പോഴും ഗുരുവിനെ സ്മരിച്ചുകൊണ്ടു സ്നേഹത്തോടെയും വിനയത്തോടെയും സത്യസന്ധതയോടെയും പെരുമാറേണ്ട ബാധ്യത ഗുരുവിന്റെ ശിഷ്യന്മാരായ നമ്മൾ ഓരോരുത്തർക്കും ഉണ്ടെന്ന് സ്വാമി ചൂണ്ടിക്കാട്ടി. ഗുരുവുമായി ജന്മാന്തരബന്ധം ഉള്ളവർക്കു മാത്രമെ ആശ്രമത്തിൽ വരാൻ കഴിയൂ. അതിനാൽ നാം ഭാഗ്യവാന്മാരാണ്. നമ്മൾ ആരാണ്, നമ്മുടെ ഗോത്രം ഏതാണ്, നമ്മുടെ കുടുംബസ്വഭാവം എന്താണ് എന്ന് കാണിച്ചു തരുന്ന വഴിയാണ് ശാന്തിഗിരിയുടേത് എന്നും സ്വാമി ചൈതന്യ ജ്ഞാനതപസ്വി പറഞ്ഞു. സർവാദരണീയ ജനനി സുപഥ ജ്ഞാനതപസ്വിനിയും സംസാരിച്ചു. ഉച്ചതിരിഞ്ഞുള്ള ക്ലാസിൽ ആശ്രമം ഡയറക്ടർ സർവാദരണീയ സ്വാമി നവനന്മ ജ്ഞാനതപസ്വി പ്രഭാഷണം നടത്തി. ഗുരുവിന്റെ ആശയത്തിനൊത്ത് എങ്ങനെ ജീവിക്കണമെന്നത് സംബന്ധിച്ച് സ്വാമി വിശദീകരിക്കുകയുണ്ടായി. ശാന്തിമഹിമ സീനിയർ കോഡിനേറ്റർ സി.പി.മനോജ് കുമാറിന്റെ നേതൃത്വത്തിൽ നടന്ന ക്യാമ്പ് ഫയർ, രാജേഷ് നേതാജിയുടെ നേതൃത്വത്തിലുള്ള വ്യക്തിത്വ വികസന ക്ലാസ് എന്നിവയും ശ്രദ്ധേയമായി.

ക്യാമ്പംഗങ്ങൾ അഗ്രികൾച്ചർ സോണിലെ കർമ്മങ്ങളിലും ഏർപ്പെടുകയുണ്ടായി. സർവാദരണീയ സ്വാമി ധർമ്മാനന്ദ ജ്ഞാനതപസ്വി, ആദരണീയ സ്വാമി ഗുരുസവിധ് ജ്ഞാനതപസ്വി എന്നിവരുടെ നേതൃത്വത്തിൽ നടന്ന സത്സംഗത്തോടെയാണ് ക്യാമ്പ് സമാപിച്ചത്. 'സ്നേഹത്തിന്റെ പാഥേയം' ചിത്രീകരണവും രണ്ട് ദിവസത്തെ ക്യാമ്പിന്റെ ഭാഗമായി നടന്നു.





*ശാന്തിമഹിമ ദ്വിദിന ക്യാമ്പ് ആശ്രമം ജനറൽ സെക്രട്ടറി സ്വാമി ചൈതന്യ ജ്ഞാനതപസ്വി ഉദ്ഘാടനം ചെയ്യുന്നു*

## പുതുവത്സരാശംസകൾ



*കേരളസന്ദർശനത്തിനെത്തിയ രാഷ്ട്രപതി പ്രണബ് മുഖർജിയെ ആശ്രമം ഓർഗനൈസിംഗ് സെക്രട്ടറി സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി വിമാനത്താവളത്തിൽ സ്വീകരിക്കുന്നു*

## എസ്.ആർ.എഫ്. സെമിനാർ 4, 5 തീയതികളിൽ

**കണ്ണൂർ:** ശാന്തിഗിരി റിസർച്ച് ഫൗണ്ടേഷന്റെ ദ്വിദിന സെമിനാർ ജനുവരി 4, 5 തീയതികളിലായി കണ്ണൂർ പോലീസ് സൊസൈറ്റി ഹാളിൽ വച്ചു നടക്കും. 'ആത്മീയ പ്രസ്ഥാനങ്ങളും കേരളത്തിന്റെ സാമൂഹിക പരിവർത്തനവും; ആദിശങ്കരാചാര്യർ മുതൽ നവജ്യോതിശ്രീകരുണാകരഗുരുവരെ' എന്ന വിഷയത്തിൽ സംഘടിപ്പിച്ചിരിക്കുന്ന സെമിനാർ രാവിലെ പത്തു മണിക്ക് കെ.കെ. രാഗേഷ് എം.പി. ഉദ്ഘാടനം ചെയ്യും. ശാന്തിഗിരി ആശ്രമം ഓർഗനൈസിംഗ് സെക്രട്ടറി സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി മുഖ്യ പ്രഭാഷണം നടത്തും. കണ്ണൂർ യൂണിവേഴ്സിറ്റി വൈസ് ചാൻസലർ ഡോ. എം.കെ. അബ്ദുൽ ഖാദർ അദ്ധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ പ്രൊഫ. കെ.കെ. എൻ. കുറുപ്പ്, പ്രൊഫ. സെബാസ്റ്റ്യൻ വേളാശേരി, പ്രൊഫ. സി. എൻ. നീലകണ്ഠൻ, പ്രൊഫ. സുധീർ സിംഗ്, പ്രൊഫ. ഡോ. കെ. ഗോപിനാഥൻ പിള്ള, പ്രൊഫ. വി.പി. ദാമോദര പണിക്കർ, മനോജ് മാത്തൻ തുടങ്ങിയവർ സംസാരിക്കുന്നതാണ്.



# ഗുരുവാണി

ഈ കലിയുഗം കൊള്ളുകയില്ല എന്നു പറയുന്നത് ശരിയല്ല. എന്തുകൊണ്ട്? ശൂദ്രന് എവിടെയും കയറി പ്രവർത്തിക്കാം എന്ന സ്ഥിതി ഇന്നുണ്ട്. ശൂദ്രാവകാശം ഇത്തരത്തിൽ പൂർണമായും കിട്ടിയിട്ടും, ശൂദ്രനെന്താണെന്ന് മനസ്സിലാകാതെ, ശൂദ്രൻ പിന്നെയും മുകളിലോട്ട് നോക്കിക്കൊണ്ട്, ചക്രവർത്തിസ്ഥാനത്തേക്ക് നോക്കി ഭരിച്ചതിന്റെ ഫലമായി ശൂദ്രവർഗം മൊത്തം അറിവുകേടിന്റെ പാതയിലേക്കു നീങ്ങി. അതുകൊണ്ട് അവന്റെ കൈയിലേക്ക് അറിവല്ല വന്നിരിക്കുന്നത്. വികൃതിയും വികാരവും ജാതിയും ജാതിക്കു ജാതിയും പകർന്ന്, അതൊരിക്കലും നിർമാർജ്ജനം ചെയ്യാൻ കഴിയാത്തവണ്ണം വളർന്നെത്തിയിരിക്കുന്നു. ഇതിനെ എങ്ങനെ തീർക്കണം? അതിനു ദൈവനിശ്ചയം വേണം. ദൈവനിശ്ചയത്തിന്റെ പങ്കാളിയാകണമെങ്കിൽ, ഏതെങ്കിലുമൊരു ആചാര്യസമ്പ്രദായമോ ഏതെങ്കിലുമൊരു പ്രവാചക സമ്പ്രദായമോ നമ്മൾ സ്വീകരിച്ചാലേ പറ്റൂ. അതിനൊരു മാർഗം നമുക്ക് പറഞ്ഞുകിട്ടിയിരിക്കുകയാണ്. ഈ മാർഗം ഏറ്റവും വലുതാണ്. ലോകത്തിന്നോളം ഇത്തരം ഒരു മാർഗം കിട്ടിയിട്ടുമില്ല. ഇനി അടുത്ത യുഗത്തിലല്ലാതെ വേറൊരു മാർഗം വരാനും കഴിയില്ല. അങ്ങനെയുള്ള ഒരാശയമാണ് നമ്മൾ പകർന്നിരിക്കുന്നത്. ഈ ആശയത്തെ എല്ലാ ആചാര്യൻമാരും എല്ലാ പ്രവാചകൻമാരും അന്തർയാമികളായി നിന്നു നമുക്കുവേണ്ടി സംരക്ഷണം ചെയ്തുകൊണ്ടിരുന്നു. അതിനു വേണ്ടി നമ്മൾ എന്തൊക്കെ കർമങ്ങളായിട്ട് ഒപ്പിച്ചുവച്ചിട്ടുണ്ട്. ഇനി നിങ്ങൾ ചെയ്യുന്ന കർമങ്ങൾക്ക് ഒരു ചിട്ടയും അടുക്കും മുറയും വേണം. അതു നിങ്ങൾക്കു പരമ്പരാഗതമായിരിക്കുന്ന ഒരു മാർഗമായിരിക്കണം. ഈ പറഞ്ഞ മുറയനുസരിച്ച് ഒരു ബൈലാ എഴുതിയുണ്ടാക്കും.

ഇതാർക്കും ചെയ്യാൻ കഴിയുന്നതല്ല. എന്തുകൊണ്ട്? ഒരു മത ബൈലയോ ഒരു ജാതി ബൈലയോ ഉണ്ടാകാം. പക്ഷെ ഈ ബൈലാ, നിലവിലിരിക്കുന്ന ഒരു ബൈലാകൾക്ക് ചെറിയൊരു തിരുത്താണ്. അതു ഹിന്ദുവായാലും ശരി, ക്രിസ്ത്യാനിയായാലും ശരി, ഇസ്ലാമായാലും ശരി ബൗദ്ധനോ ജൈനനോ ആയാലും ശരി ആർക്കും ഇതിനെ നിഷേധിക്കാൻ കഴിയില്ല. അങ്ങനെയൊരു ബൈലാ എഴുതിയുണ്ടാക്കിയതിനു നമ്മളാണു അടിസ്ഥാനമിട്ടു പ്രവർത്തിക്കുന്നത്. നിങ്ങളുടെയെല്ലാം ഒത്തൊരുമയുള്ള പ്രവർത്തിക്കു വേണ്ടിയാണ് ഈ രേഖ എഴുതിയുണ്ടാക്കുന്നത്. നിങ്ങളുടെതായി ഒരു ഒത്തൊരുമ, ആണ് പെണ്ണ് ചെറുത് വലുത് വലിപ്പച്ചെറുപ്പം കൂടാതെ വളർത്തിയെടുത്ത് ഏറ്റവും വലിയ ഒരു സംഭാവനയായി നമ്മളാലാവുംവിധം ലോകത്തിന് കൊടുക്കുകയാണ്. അവരവർക്കു കഴിയാത്ത കാര്യം പറഞ്ഞിട്ടു കാര്യമില്ല. നമ്മളാലാവുംവിധം. അതിന്നാർക്കെന്നില്ല. ഒരു മണ്ണു നുള്ളി ഇടാനേ കഴിഞ്ഞുള്ളൂ എങ്കിൽ അതുമതി. ഇതു കഴിയണം. ഇതിനു നിങ്ങൾക്കൊരറിവു തന്നതാണ്.

ഈ അറിവ് ഇനി നിങ്ങൾക്കെങ്ങനെ പകരാം? ഇതൊരുമിച്ചെടുക്കാൻ കഴിയണം എന്നൊരറിയിപ്പ് കിട്ടിയത് ഞാൻ നിങ്ങളോട് പറയുകയാണ്. അതു നിങ്ങൾക്കെടുക്കാൻ കഴിയുമോ ഇല്ലയോ?

## വചനദീപ്തി

ഗുരുനാഥൻ തുണ ചെയ്ക സന്തതം
തിരുനാമങ്ങൾ നാവിന്മേലെപ്പൊഴും
പിരിയാതെയിരിക്കണം നമ്മുടെ
നരജന്മം സഫലമാക്കീടുവാൻ

**ജ്ഞാനപ്പാന (പൂന്താനം)**

## സ്പിരിച്വൽ സോൺ ഡ്യൂട്ടി ലിസ്റ്റ്

*2017 ജനുവരി 1 മുതൽ ജനുവരി 7 വരെ*

| | |
|---|---|
| **ഞായർ** | **- ജ്യോതിപുരം** |
| **തിങ്കൾ** | **- ശാന്തിപുരം** |
| **ചൊവ്വ** | **- കരുണപുരം** |
| **ബുധൻ** | **- ശാന്തിഗിരി ജംഗ്ഷൻ** |
| **വ്യാഴം** | **- ലക്ഷ്മിപുരം** |
| **വെള്ളി** | **- ആനന്ദപുരം** |
| **ശനി** | **- ജനസേവികപുരം** |

## യാമപ്രാർത്ഥന

*2016 ജനുവരി 5 വ്യാഴം*

**ശാന്തിഗിരി ജംഗ്ഷൻ, ലക്ഷ്മിപുരം, രത്നഗിരി**

## പ്രകാശപദം

# ഭക്തനാകാനും വിശുദ്ധനാകാനും

അതുകൊണ്ട് നമ്മളീ ചെയ്യുന്ന ഓരോ കർമവും സൂക്ഷ്മാത്സൂക്ഷ്മതരമായിട്ട് ഒരു പ്രവർത്തനശേഷിയും ഈ പ്രകൃതിയിൽ വിലയം പ്രാപിച്ചു നില്ക്കുമെന്നും നല്ലതും ചീത്തയും ഒരുപോലെ നില്ക്കുമെന്നും നാം ധരിച്ചിട്ട് ഏറ്റവും ലളിതമായും ഏറ്റവും സമ്പന്നമായും ഒരു ശാന്തമായ രീതിയിൽ അല്ലെങ്കിൽ വിനയത്തിന്റെ ഭാവത്തിൽ ഗുരുശിഷ്യബന്ധത്തിലേക്ക് കടന്നിട്ട് ഈ ഗുരുവും ശിഷ്യനുമായിട്ടുള്ള ഏതു സേവനവൃത്തിയിൽക്കൂടിയാണ് ഏതു ശുശ്രൂഷയിൽ കൂടിയാണ് ഏത് തെളിമയിൽ കൂടിയാണ് എന്ന് മനസിലാക്കിയിട്ട് നമ്മൾ ചെയ്തെടുക്കുന്ന കർമത്തിലേക്ക് നമ്മൾ പോകണം. കാരണം ഇത്രയും വലിയ ഒരു കർമം നാം തൃപ്തിയായിട്ടും അതിന്റെ സങ്കല്പത്തിന്റെ വേറൊരു ഭാഗത്തും ചെയ്തു ഫലിപ്പിച്ചിട്ട് തന്റെ കർമം വേറൊരു സ്വഭാവത്തിൽ പിഴച്ചുപോയാൽ എവിടെയാണ് ആ സങ്കല്പത്തിന്റെ ഫലം നാം അനുഭവിച്ചറിയുന്നതെന്ന് അറിഞ്ഞിട്ടു വേണം നമ്മൾ ഓരോരുത്തരും ഇവിടെ നിന്നു വീട്ടിലേക്കു പോകാൻ.

കാരണം ഞാനെന്തൊക്കെയോ ചെയ്തു, ശരി തന്നെയാണ്. ഏതിനു വേണ്ടി ചെയ്തു, എന്തിനുവേണ്ടി ചെയ്തു. ധീരനും ആ ധീരതയിൽ സമ്പന്നത പുലർത്തുന്ന ഒരു ഭക്തനാകാനും ആ ഭക്തനിൽ ഭക്തനായി വരാനും വിശുദ്ധരിൽ വിശുദ്ധനാകാനും തനിക്കു കഴിയുന്ന കർമം സ്വയം ഏറ്റെടുത്തിട്ടു പോകുന്ന ഒരു കർമം നമ്മളിവിടെ നിന്നേ ചിന്തിച്ചിട്ടു പോകണം. കാരണം ഓരോരുത്തരും ഒരു വലിയ കാര്യം തന്റെ ജീവിതത്തിൽ കടന്നിട്ട് അതിൽ ബന്ധപ്പെടുന്ന എല്ലാ കർമങ്ങളിലും പെട്ടിട്ട് ഏറ്റവും അഴുക്കിലേക്കു പോകുന്ന പ്രവൃത്തിയും ചിലരിലുണ്ട്. ഇതു മനസിലാക്കിയിട്ട് എനിക്ക് അറിയാതെ വന്നെങ്കിൽ അത് 'അപ്പാ, ഗുരുവേ ക്ഷമിച്ച് എനിക്കു മാപ്പാക്കിത്തരണം' എന്നുള്ള സങ്കല്പവും നമ്മുടെ മനസിൽ കടക്കണം. ഇത് ഓർമ്മിപ്പിക്കാൻ വേണ്ടി ഈയൊരു ഭാഗം ഞാൻ പറഞ്ഞെന്നേയുള്ളൂ.

പിന്നെ നമ്മൾ വേറൊരു ഭാഗം സൂക്ഷിക്കേണ്ടത്, നമ്മുടെ വീട്ടിലും മറ്റ് എല്ലാ പ്രവർത്തനശേഷികളിലും ഈ കാര്യം മനസിലാക്കിയിട്ട് വലിയ ആപത്തുകൾ നമുക്കു വരാനുള്ളത്, നമ്മുടെ നാട്ടിലും നമ്മുടെ രാജ്യത്തും നമ്മുടെ ലോകത്തും വരാനുള്ളത് ഒഴിഞ്ഞുപോകണം എന്നുള്ള സങ്കല്പവും നമ്മൾ ചെയ്തിരിക്കണം. ഏതു വേല ചെയ്യുമ്പോഴും അങ്ങനെ ഒരു സങ്കല്പം തന്റെ ഗുരുവിനെ സാക്ഷി നിർത്തി അല്ലെങ്കിൽ ആ സങ്കല്പരൂപത്തെ മനസിൽ ധ്യാനിച്ചിട്ട് ആ ഭാഗം നമ്മൾ ചെയ്തുപോകണം. അത് മറക്കാതെ ചെയ്യേണ്ട ഒരു വിഷയമാണ്. ഇവിടെ നിന്നുപോകുന്നവരെല്ലാം തന്നെ ഇതോർമ്മിച്ചു ചെയ്യുകയും വേണം.

(**ദൈവസ്നേഹം പങ്കുവയ്ക്കുന്ന നിമിഷാർദ്ധങ്ങൾ** –അഭിവന്ദ്യ ശിഷ്യപൂജിതയുടെ പ്രഭാഷണത്തിൽ നിന്ന്)

# 'സ്നേഹത്തിന്റെ പാഥേയം' പ്രേക്ഷകശ്രദ്ധ നേടുന്നു

**തിരുവനന്തപുരം:** ശാന്തിഗിരി ആശ്രമം ഓർഗനൈസിംഗ് സെക്രട്ടറി സ്വാമി ഗുരുരത്നംജ്ഞാനതപസ്വി ഏഷ്യാനെറ്റ് ചാനലിൽ നടത്തുന്ന പ്രഭാഷണ പരമ്പര 'സ്നേഹത്തിന്റെ പാഥേയം' ഏറെ പ്രേക്ഷകശ്രദ്ധ നേടുന്നു. നിരവധി വ്യക്തികളും സ്ഥാപനങ്ങളും ഈ പരിപാടിയെ അനുമോദിക്കുകയുണ്ടായി. കോൺസെപ്റ്റ് ഗ്രൂപ്പ് ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ എ. ഫിറോസ്ഖാൻ ഉൾപ്പെടെയുള്ള പ്രമുഖർ ഈ പരിപാടിയുമായി സഹകരിക്കത്തിന് മുന്നോട്ടുവന്നിട്ടുണ്ട്. മതേതരത്വവും, മാനവികതയും വളർത്തേണ്ടതും കാലഘട്ടത്തിന്റെ ആവശ്യമാണെന്നും മാനവികത പ്രചരിപ്പിക്കുവാൻ സ്വാമിയെടുക്കുന്ന ശ്രമങ്ങൾ ആകർഷകമാണെന്നും ഫിറോസ്ഖാൻ ചൂണ്ടിക്കാട്ടി. തിങ്കൾ മുതൽ വെള്ളി വരെ രാവിലെ 6.45 മുതൽ 7 മണി വരെയാണ് സ്നേഹത്തിന്റെ പാഥേയം സംപ്രേക്ഷണം ചെയ്യുന്നത്.



*മാസ്കറ്റ് ഹോട്ടലിലെ ശാന്തിഗിരി ആയുർവേദ-സിദ്ധ ഹെൽത്ത് കെയർ സെന്റർ കേന്ദ്രമന്ത്രി സുരേഷ് പ്രഭു സന്ദർശിച്ചപ്പോൾ*

## വിജയികൾ





*സർഗകൈരളി കലോത്സവത്തിലെ ചിത്രരചനാ മത്സരത്തിൽ ഒന്നും രണ്ടും സ്ഥാനങ്ങൾ നേടിയ കിരൺ പി. (ഇടത്ത്) ജിഷ്ണു എസ്. കുമാർ (വലത്ത്) എന്നിവർ . ശാന്തിഗിരി വിദ്യാഭവൻ സീനിയർ സെക്കന്ററി സ്കൂൾ വിദ്യാർത്ഥികളാണ്.*

## ഗൃഹസ്ഥാശ്രമസംഘം പൊതുയോഗം ഇന്ന്

**റിസർച്ച് സോൺ:** ശാന്തിഗിരി ഗൃഹസ്ഥാശ്രമസംഘത്തിന്റെ പൊതുയോഗം ഇന്ന് രാവിലെ 7.30 ന് റിസർച്ച് സോൺ ഓഡിറ്റോറിയത്തിൽ വച്ച് നടക്കും. സർവാദരണീയ ജനനി സുപഥ ജ്ഞാനതപസ്വിനി, ആദരണീയ സ്വാമി ജനമോഹനൻ ജ്ഞാനതപസ്വി, സ്വാമി ജ്യോതിർപ്രകാശ ജ്ഞാനതപസ്വി എന്നിവർ പങ്കെടുക്കും.

## ശാന്തിമഹിമ ക്യാമ്പ് ഇന്ന് തുടങ്ങും

**ഹെൽത്ത്കെയർ സോൺ:** ശാന്തിഗിരി ശാന്തിമഹിമയുടെ തിരുവനന്തപുരം സിറ്റി ഏരിയ ക്യാമ്പ് ഇന്നും നാളെയുമായി ശാന്തിഗിരി സിദ്ധ മെഡിക്കൽ കോളേജ് ഓഡിറ്റോറിയത്തിൽ വച്ചു നടക്കും. രാവിലെ 10 മണിക്ക് ആദരണീയ സ്വാമി വന്ദനരൂപൻ ജ്ഞാനതപസ്വി ഉദ്ഘാടനം ചെയ്യും. ആദരണീയ സ്വാമി ഗുരുസവിധ് ജ്ഞാനതപസ്വി, ഡോ. ടി.എസ് സോമനാഥൻ എന്നിവർ പങ്കെടുക്കും.

# എൻ.എസ്.എസ്. സപ്തദിന ക്യാമ്പ് സമാപിച്ചു



*ശാന്തിഗിരി വിദ്യാഭവൻ എൻഎസ്എസ് സപ്തദിന ക്യാമ്പിൽ അംഗങ്ങൾ പ്രതിജ്ഞയെടുക്കുന്നു*

**ഹെൽത്ത്കെയർ സോൺ:** ശാന്തിഗിരി വിദ്യാഭവൻ ഹയർ സെക്കന്ററി സ്കൂൾ എൻ.എസ്.എസ്. യൂണിറ്റിന്റെ സപ്തദിന ക്യാമ്പ് സമാപിച്ചു. 42 എൻഎസ്എസ് അംഗങ്ങളും അദ്ധ്യാപകരും അടങ്ങിയ സഹവാസ ക്യാമ്പ് വിദ്യാർത്ഥികൾക്ക് ഏറെ ഉപകാരപ്രദവും വിജ്ഞാനപ്രദവുമായിരുന്നു. ശുദ്ധജലം, ശുചിത്വകേരളം, സുരക്ഷിത ഭക്ഷണം എന്ന ലക്ഷ്യത്തോടെ ആരംഭിച്ച ക്യാമ്പ് ബോധവത്കരണ ക്ലാസുകൾ, പ്രോജക്റ്റുകൾ, കലാസാംസ്കാരിക പരിപാടികൾ, സർവേകൾ, സെമിനാറുകൾ, സാമൂഹ്യപ്രവർത്തനങ്ങൾ എന്നിവ കൊണ്ട് ശ്രദ്ധേയമായി. ശാന്തിഗിരി വിദ്യാഭവൻ ഹയർ സെക്കന്ററി സ്കൂളിന്റെ ദത്തുഗ്രാമമായ ആനന്ദപുരം കേന്ദ്രീകരിച്ചുള്ള പ്രവർത്തനങ്ങളാണ് നടന്നത്. ഹരിത കേരളത്തിന്റെ ഭാഗമായി വിത്തുവിതരണവും പ്ലാസ്റ്റിക് നിരോധിത ഗ്രാമം എന്ന ലക്ഷ്യത്തിന്റെ ഭാഗമായി ഗൃഹങ്ങളിൽ നിന്നും പ്ലാസ്റ്റിക് ശേഖരണവും പുനർനിർമാണവും ശുദ്ധജല പരിശോധന എന്നിവയായിരുന്നു പ്രധാന പ്രവർത്തനങ്ങൾ. തുടർന്ന് ദത്തുഗ്രാമത്തിൽ എൻ.എസ്.എസ്. യൂണിറ്റിന്റെ നേതൃത്വത്തിൽ ശുചീകരണ പ്രവർത്തനങ്ങൾ നടന്നു. പോത്തൻകോട് സർക്കിൾ ഇൻസ്പെക്ടർ ഷാജി, നെടുമങ്ങാട് എക്സൈസ് ഇൻസ്പെക്ടർ അനിരുദ്ധൻ, മലയാള മനോരമ റിപ്പോർട്ടർ അഷ്ടപതി, പോത്തൻകോട് ബ്ലോക്ക് ഓഫീസർ അജയകുമാർ എന്നിവർ വിവിധ വിഷയങ്ങളിൽ ക്ലാസ് നയിച്ചു.



*ശാന്തിഗിരി കരുണ ബേബി ക്രഷിൽ നടന്ന ക്രിസ്മസ് ആഘോഷപരിപാടിയിൽ നിന്ന്*

# പുതുവത്സരാശംസ നേർന്ന് വിദ്യാഭവൻ വിദ്യാർത്ഥികൾ

**എജ്യൂക്കേഷൻ സോൺ:** ശാന്തിഗിരി വിദ്യാഭവൻ സീനിയർ സെക്കന്ററി സ്കൂൾ വിദ്യാർത്ഥികൾ നടത്തിയ പുതുമയാർന്ന ക്രിസ്മസ് പുതുവത്സരാഘോഷം ശ്രദ്ധേയമായി. സ്കൂളിൽ നിന്ന് ആഘോഷമായി ശാന്തിഗിരി ജംഗ്ഷനിലേക്കു നടത്തിയ ഘോഷയാത്രയ്ക്ക് ശേഷം ജംഗ്ഷനിലെ വ്യാപാരികൾ ഉൾപ്പെടെയുള്ള എല്ലാവർക്കും ആശംസകൾ നേർന്നു. ക്രിസ്മസ് പുതുവത്സര ആശംസാ കാർഡുകളും കൈമാറി. വർണചിത്രങ്ങളോടെ കൈപ്പടയിൽ തയ്യാറാക്കിയ കാർഡുകൾ ആണ് വിതരണം ചെയ്തത്. ക്രിസ്മസ് പാപ്പയുടെ വേഷമണിഞ്ഞ വിദ്യാർത്ഥികളുടെ സാന്നിധ്യം ശ്രദ്ധിക്കപ്പെട്ടു.

# 'നേർവഴി' ലഹരി വിരുദ്ധ പ്രബോധനവും മനുഷ്യച്ചങ്ങലയും



*ശാന്തിഗിരി വിദ്യാഭവൻ എൻ.എസ്.എസ്. യൂണിറ്റ് സംഘടിപ്പിച്ച ലഹരിവിരുദ്ധ മനുഷ്യച്ചങ്ങല*

**എജ്യൂക്കേഷൻ സോൺ:** ശാന്തിഗിരി വിദ്യാഭവൻ ഹയർ സെക്കന്ററി സ്കൂൾ എൻ.എസ്.എസ്. യൂണിറ്റിന്റെ നേതൃത്വത്തിൽ ഡിസംബർ 28 ന് രാവിലെ പത്തു മണിക്ക് പോത്തൻകോട് കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാൻഡിൽ വച്ച് ലഹരിവിരുദ്ധ പ്രബോധന പരിപാടിക്ക് തുടക്കം കുറിച്ചു. യുവതലമുറയെ ബാധിച്ചിരിക്കുന്ന ലഹരിയെന്ന മഹാവിപത്തിനെതിരെ വിദ്യാഭവൻ വിദ്യാർത്ഥികൾ ഒന്നു ചേർന്ന് ലഹരിവിരുദ്ധ മനുഷ്യച്ചങ്ങല നിർമ്മിച്ചു. ലഹരി മരുന്നുകൾക്കെതിരെ ബോധവത്കരണമായി ബാനറുകളും പ്ലക്കാർഡുകളും പ്രദർശിപ്പിച്ചു.

'യുവതലമുറ മയക്കത്തിൽ' എന്ന തലക്കെട്ടോടെ പ്രദർശിപ്പിച്ച ബാനറുകൾ ശ്രദ്ധേയമായി. തുടർന്ന് ഉച്ചയ്ക്ക് ഒരുമണിക്ക് ബോധവത്കരണ സെമിനാർ നടന്നു. എക്സൈസ് ഇൻസ്പെക്ടർ അനിരുദ്ധൻ ക്ലാസ് നയിച്ചു. പോത്തൻകോട് സർക്കിൾ ഇൻസ്പെക്ടർ ഷാജിയുടെ നേതൃത്വത്തിൽ സംവാദവും നടന്നു. തുടർന്ന് വിദ്യാർത്ഥികൾ ലഹരിവരുദ്ധ പ്രതിജ്ഞ എടുത്തു.



*വിപുലീകരിച്ച ശാന്തിഗിരി ഹണി യൂണിറ്റിന്റെ പ്രവർത്തനങ്ങൾക്ക് ഡിസംബർ 26 ന് സർവാദരണീയ സ്വാമി നവകൃപ ജ്ഞാനതപസ്വി തിരിതെളിയിക്കുന്നു. സർവാദരണീയ ജനനി വിമല ജ്ഞാനതപസ്വിനി, ആദരണീയ സ്വാമി ജനതീർത്ഥൻ ജ്ഞാനതപസ്വി എന്നിവർ സമീപം*

# വിവാഹിതരായി



പാലോട്ടുകോണം യൂണിറ്റ് 'കരുണദീപം' ഭവനത്തിൽ ദിവംഗതനായ എസ്. ശശിധരൻ പിള്ളയുടെ മകൻ ജനപ്രിയനും കാഞ്ഞാംപാറ യൂണിറ്റ് 'കരുണമന്ദിരം' ഭവനത്തിൽ പി.കെ. ബാലചന്ദ്രന്റെ മകൾ രഞ്ജിനിയും ഡിസംബർ 26 ന് ശാന്തിഗിരി ആശ്രമത്തിൽ വച്ച് വിവാഹിതരായി.


ഗുരുചരണം ശരണം

ശാന്തിഗിരി ആരൂഢശുദ്ധി

ആശ്രമോചിതമായ രീതിയിൽ ചെലവുകുറഞ്ഞ ഭവനങ്ങൾ നിർമിച്ചു നല്കുന്നു

വിവരങ്ങൾക്ക് : 8111849007, 9496294279, 9446438515, 8111882324



ഗുരുചരണം ശരണം

മോഹനം ഒപ്റ്റിക്കൽസ്

കമ്പ്യൂട്ടറൈസ്ഡ് ഐ ടെസ്റ്റിംഗ് & കോൺടാക്ട് ലെൻസ് ക്ലിനിക്ക്

(ശാന്തിഗിരി സിദ്ധ മെഡിക്കൽ കോളേജ് ഗേറ്റിന് എതിർവശം)

ഫോൺ : 8089695320

# ശാന്തിഗിരി ആശ്രമം 2016: നാൾവഴികൾ

**ജനുവരി 4** – ജന്മഗൃഹ തീർത്ഥയാത്രയുടെ 16 -ാം വാർഷികം
**ജനുവരി 13** – ഉപരാഷ്ടപതിയുടെ പത്നി ശ്രീമതി സൽമ അൻസാരി ആശ്രമം സന്ദർശിച്ചു
**ഫെബ്രുവരി 12** – കേന്ദ്ര റെയിൽവേ മന്ത്രി സുരേഷ് പ്രഭു മേക്ക് ഇൻ കേരള റിസർച്ച് ആന്റ് ഡെവലപ്മെന്റ് സെൽ ആശ്രമത്തിൽ വച്ച് ഉദ്ഘാടനം ചെയ്തു.
**ഫെബ്രുവരി 22** – പൂജിതപീഠം സമർപ്പണം അർദ്ധവാർഷിക കുംഭമേള ആഘോഷം ശ്രീലങ്ക മന്ത്രി ജയന്ത കരുണതിലകെ ഉദ്ഘാടനം ചെയ്തു
**ഫെബ്രുവരി 25** – ശാന്തിഗിരി ടേക് എ ബ്രേക് മന്ത്രി എ.പി. അനിൽ കുമാർ ഉദ്ഘാടനം ചെയ്തു



**മാർച്ച് 1**– ഗുരുവിന്റെ ജീവചരിത്രസംഗ്രഹം ഗ്രന്ഥം പ്രകാശനം ചെയ്തു. സുപ്രീം കോടതി മുൻ ജഡ്ജി ജസ്റ്റിസ് സന്തോഷ് ഹെഗ്ഡെയിൽ നിന്ന് ഡെപ്യൂട്ടി സ്പീക്കർ പാലോട് രവി ആദ്യപ്രതി ഏറ്റുവാങ്ങി.
**മാർച്ച് 7**– മാതൃമണ്ഡലം വാർഷികാഘോഷം ഡോ. ഫീലിപ്പോസ് മാർ ക്രിസോസ്റ്റം വലിയ മെത്രാപോലീത്ത ഉദ്ഘാടനം ചെയ്തു.
**മാർച്ച് 15** – സ്വാമി ഗുരുരത്നം ജ്ഞാനതപസ്വിയുടെ തെരഞ്ഞെടുത്ത ലേഖനങ്ങൾ സിപിഎം പോളിറ്റ്ബ്യൂറോ അംഗം പിണറായി വിജയൻ പ്രകാശനം ചെയ്തു



**മാർച്ച് 12**– ന്യൂഡെൽഹിയിൽ നടന്ന ആർട് ഓഫ് ലിവിംഗ് ലോക സാംസ്കാരിക സമ്മേളനത്തിൽ സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി സംസാരിച്ചു.
**മാർച്ച് 26**– നവഒലി ജ്യോതിർദിനം 17 ആഗോള പ്രചരണ പരിപാടികൾക്ക് മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി തുടക്കം കുറിച്ചു.
**ഏപ്രിൽ 19**– ഗവർണർ ജസ്റ്റിസ് പി. സദാശിവത്തിന് ഗുരുവിന്റെ ജീവചരിത്രസംഗ്രഹം സമ്മാനിച്ചു
**മെയ് 6**– നവഒലി ജ്യോതിർദിനം 17 സമ്മേളനം – മാതാ അമൃതാനന്ദമയി മഠം ജനറൽ സെക്രട്ടറി സ്വാമി പൂർണാമൃതാനന്ദപുരി ഉദ്ഘാടനം ചെയ്തു.
**മെയ് 10**– കേന്ദ്ര ഉപരിതല ഗതാഗത മന്ത്രി നിതിൻ ഗഡ്കരി ആശ്രമം സന്ദർശിച്ചു



**മെയ് 17**– നവതി ആഘോഷം ആലോചനായോഗം ശാന്തിഗിരി സിദ്ധ മെഡിക്കൽ കോളേജ് ഓഡിറ്റോറിയത്തിൽ വച്ച് നടന്നു.
**മെയ് 21**– നവതി ആഘോഷ പരിപാടികൾക്ക് തുടക്കം കുറിച്ചു.
**മെയ് 26**–പുതിയ മുഖ്യമന്ത്രി പിണറായി വിജയനെ സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി സന്ദർശിച്ചു ആശംസകൾ അറിയിച്ചു.
**മെയ് 29**– ഗുരുവിന്റെ ജീവചരിത്രസംഗ്രഹം മൂന്നു ലക്ഷത്തിൽപ്പരം കോപ്പി പിന്നിട്ടതിന്റെ ആഘോഷം തിരുവനന്തപുരത്ത് ഹസൻ മരിയ്ക്കാർ ഹാളിൽ വച്ച് നടന്നു.
**ജൂൺ 12**– സംസ്ഥാന വ്യാപകമായി ഏരിയ ഓഫീസുകൾക്ക് തുടക്കമായി
**ജൂൺ 19**– എല്ലാ ഏരിയകളിലും പൗർണമി ദിനത്തിൽ ഉമ്മിണിത്തങ്കം പുറത്തിറക്കാൻ തീരുമാനമായി.
**ജൂൺ 22**– ശാന്തിഗിരി ആശ്രമം റെസിഡന്റ് ഡോക്ടർ പി. ജയറാം ദിവംഗതനായി
**ജൂൺ 26**– നവതി ആഘോഷത്തിലേക്ക് രാഷ്ട്രപതി പ്രണബ് മുഖർജിയെ ക്ഷണിച്ചു
**ജൂലൈ 9**– ഭാരതദർശൻ തീർത്ഥാടകസംഘത്തിന്റെ ആദ്യ ബാച്ച് ആശ്രമത്തിലെത്തി
**ജൂലൈ 10**– ശാന്തിഗിരി ആശ്രമം കൃഷ്ണഗിരി ബ്രാഞ്ച് നിർമാണ പ്രവർത്തനങ്ങൾക്ക് തുടക്കം



**ജൂലൈ 15**– ശാന്തിഗിരി ഗൃഹസ്ഥാശ്രമസംഘം പുതിയ ഓഫീസിൽ പ്രവർത്തനം തുടങ്ങി
**ജൂലൈ 16**– നവതി ആഘോഷത്തിന്റെ ഭാഗമായി ശാന്തിഗിരി ഗൃഹസ്ഥാശ്രമസംഘം സൗഹൃദക്കൂട്ടായ്മകൾക്ക് തുടക്കം കുറിച്ചു
**ജൂലൈ 20**– ശാന്തിഗിരി ഗൃഹസ്ഥാശ്രമസംഘം നവതി കൂട്ടായ്മകൾക്ക് തുടക്കമായി.
**ജൂലൈ 24**– ശാന്തിഗിരി മുദ്രണാലയത്തിലെ പുതിയ പ്രിന്റിംഗ് മെഷീനുകൾ സ്വാമി സത്യപ്രകാശ ജ്ഞാനതപസ്വി ഉദ്ഘാടനം ചെയ്തു
**ഓഗസ്റ്റ് 30**– നവതി ആഘോഷം ഉപരാഷ്ട്രപതി ഡോ. ഹമീദ് അൻസാരി ഉദ്ഘാടനം ചെയ്തു.




ഗവർണർ ജസ്റ്റിസ് പി. സദാശിവം അദ്ധ്യക്ഷത വഹിച്ചു. ഉപരാഷ്ട്രപതിയും സംഘവും അഭിവന്ദ്യ ശിഷ്യപൂജിതയെ സന്ദർശിച്ചു.
**ഓഗസ്റ്റ് 30**– നവതി ശാന്തിസംഗമം ഗുരുവിന്റെ ഉദ്യാനത്തിൽ ആരംഭിച്ചു.
**സെപ്റ്റംബർ 4**– നവതി ശാന്തിയാത്ര കേന്ദ്രമന്ത്രി രാജീവ് പ്രതാപ് റൂഡി ഫ്ളാഗ് ഓഫ് ചെയ്തു
**സെപ്റ്റംബർ 5**– ശാന്തിഗിരി നവതി പുരസ്കാരം ചലച്ചിത്രതാരം മമ്മൂട്ടി ഏറ്റുവാങ്ങി. ആശ്രമം വെബ്സൈറ്റ് മമ്മൂട്ടി റീ ലോഞ്ച് ചെയ്തു.




**സെപ്റ്റംബർ 6**– നവപൂജിതം നവതി സമ്മേളനം ശ്രീലങ്കൻ പാർലമെന്റ് സ്പീക്കർ കരു ജയസൂര്യ ഉദ്ഘാടനം ചെയ്തു.
**സെപ്റ്റംബർ 20**– പൂർണ കുംഭമേള. പ്രാർത്ഥനാഞ്ജലി സി.ഡി. പ്രകാശനം ചെയ്തു.
**ഒക്ടോബർ 2**– സന്ന്യാസദീക്ഷാ വാർഷികത്തിന്റെ ഭാഗമായി പത്തുദിവസത്തെ സത്സംഗം ആരംഭിച്ചു.
**ഒക്ടോബർ 11**– മുപ്പത്തിരണ്ടാം സന്ന്യാസദീക്ഷാ വാർഷികം ആഘോഷിച്ചു.
ഗുരുധർമ്മപ്രകാശസഭ അംഗങ്ങളുടെ ചുമതലകൾ പുന:ക്രമീകരിച്ചു.
**ഒക്ടോബർ 21**– ശാന്തിഗിരി കെ.റ്റി.ഡി.സി. ആയുർവേദ-സിദ്ധ ചികിത്സാകേന്ദ്രം തിരുവനന്തപുരം മാസ്കറ്റ് ഹോട്ടലിൽ ആരംഭിച്ചു.
**നവംബർ 3**– ശാന്തിഗിരി സിദ്ധ മെഡിക്കൽ കോളേജിന് സമീപം നിർമിച്ച പുതിയ 11 കെ.വി. സബ് സ്റ്റേഷന് അഭിവന്ദ്യ ശിഷ്യപൂജിത തിരിതെളിയിച്ചു.
**നവംബർ 5**– ഗുരുവിന്റെ ജീവചരിത്രസംഗ്രഹം ഇംഗ്ലീഷ് പരിഭാഷ ലണ്ടനിൽ പ്രകാശനം ചെയ്തു.
**നവംബർ 5**– മുപ്പത്തിമൂന്നാം സാംസ്കാരികദിനം ആഘോഷം നടന്നു
**നവംബർ 5**– 2017 ലെ ആശ്രമം കലണ്ടറും ഡയറിയും പ്രകാശനം ചെയ്തു.
**നവംബർ 7**– വിഷൻ 2020 പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു.



**നവംബർ 13**– ശാന്തിഗിരി ആശ്രമം പാമ്പാടി ബ്രാഞ്ച് ദർശനമന്ദിരത്തിന്റെ ശിലാസ്ഥാപനം സ്വാമി ചൈതന്യ ജ്ഞാനതപസ്വി നിർവഹിച്ചു.
**നവംബർ 15**– ഹെൽത്ത്കെയർ സോൺ പ്രാർത്ഥനാലയത്തിന്റെ നവീകരണ പ്രവർത്തനങ്ങൾക്ക് തുടക്കമായി.
**ഡിസംബർ 5**– സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി അവതരിപ്പിക്കുന്ന സ്നേഹത്തിന്റെ പാഥേയം പ്രഭാഷണ പരമ്പര ഏഷ്യനെറ്റ് ചാനലിൽ ആരംഭിച്ചു.
**ഡിസംബർ 13**– ശാന്തിഗിരി ആശ്രമം ചെന്നൈ ബ്രാഞ്ചിൽ സ്വാമി ചൈതന്യ ജ്ഞാനതപസ്വി ഓംകാരം പ്രതിഷ്ഠിച്ചു.
വൈക്കം പ്രാർത്ഥനാകേന്ദ്രത്തിൽ വിളക്ക് തെളിയിക്കൽ കർമ്മം നടന്നു.
**ഡിസംബർ 20**– ശാന്തിഗിരി വിദ്യാഭവന്റെ ആഭിമുഖ്യത്തിൽ നിർമ്മിക്കുന്ന ഫലവൃക്ഷ പാർക്കിന്റെ ഉദ്ഘാടനം സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി നിർവഹിച്ചു.


Printed and published by Swami Chaithanya Jnana Thapaswi, Chief Editor, on behalf of Santhigiri Ashram, Thiruvananthapuram-695589. For private circulation only.
**Editorial Head:** Janani Divya Jnana Thapaswini **Editor:** T. Sasimohan **Senior Co-ordinating Editor:** Anil Cherthala